**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 7246 11.07.2014-ൽ മറുപടിക്ക്**

**ദേശീയ പാതയുടെ വികസനം**

| **ചോദ്യം**<br>**ശ്രീ.കെ.ദാസൻ** | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|
| (എ) ദേശീയപാത വികസന കാര്യത്തിൽ ദേശീയ പാത അവലോകന യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ദേശീയപാതാ വികസനം സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 2014 ജൂൺ മാസം 24-ാം തീയതി നടന്ന അവലോകന യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിയ എൻ.എച്ച് 17 എൻ.എച്ച് 47 എന്നിവയിലെ ഭാഗങ്ങൾ വീണ്ടും പദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ സംസ്ഥാന ഗവൺമെന്റ് 80% ഭൂമി ഏറ്റെടുത്ത് ദേശീയപാതാ വികസന അതോറിറ്റിയെ ഏൽപ്പിക്കണം.<br>2. ദേശീയ നിയമമനുസരിച്ചുള്ള ടോൾ പിരിക്കുവാൻ എല്ലാ സഹായങ്ങളും ചെയ്യണം. ഇക്കാര്യത്തിൽ ഒരു വിട്ടു വീഴ്ചയും സാധ്യമല്ല. |
| (ബി) സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് ഈ യോഗത്തിൽ പങ്കെടുത്തത് ആരാണെന്നും യോഗത്തിൽ സംസ്ഥാനം മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ | (ബി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ, എന്നിവർ ആണ് സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് യോഗത്തിൽ |

എന്തെല്ലാമാണെന്നും വിശദമായി വ്യക്തമാക്കുമോ ;

പങ്കെടുത്തത്. യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂമി നഷ്ടപ്പെടുന്നവർക്ക് കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പാക്കേജ് അനുസരിച്ചുള്ള നഷ്ടപരിഹാരം എങ്കിലും നൽകണം.
2. കേന്ദ്ര സർക്കാരിന്റെ പുതിയ നിയമം (Right to Fair Compensation and Transperency in land Acquisition, Rehabilitation and Resettlement Act, 2013) അനുസരിച്ചുള്ള നഷ്ട പരിഹാരം എങ്കിലും നൽകണം.
3. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കണം.
4. എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം ദേശീയപാതാ വികസന പദ്ധതി (NHDP) യിൽ നിന്നും ഒഴിവാക്കുകയാണെങ്കിൽ ഈ പാതകൾ സംസ്ഥാന ഗവൺമെന്റ് നിർമ്മിക്കാനാവശ്യമായ അധിക സാമ്പത്തിക സഹായം നൽകണം.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോമ്പിറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഈ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമാണോയെന്ന് വ്യക്തമാക്കുമോ;അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

(സി) 1956 ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള Competent Authority നിശ്ചയിക്കുന്ന തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്. Competent Authority നിശ്ചയിക്കുന്ന തുക പദ്ധതി ബാധിതർക്ക് ആകർഷകമല്ല. അതിനാൽ

| | | |
|---|---|---|
| | മുൻനിർത്തി സർക്കാർ എടുത്തിട്ടുള്ള നിലപാടുകളും നടപടികളും വിശദമായി വ്യക്തമാക്കാമോ; | സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച R&R പാക്കേജ് അനുസരിച്ചുള്ള നഷ്ടപരിഹാരം ദേശീയ പാതയുടെ വികസനത്തിന് സ്ഥലമെടുക്കുമ്പോഴും അനുവദിക്കുവാൻ സംസ്ഥാന സർക്കാർ പലഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിലേയ്ക്ക് മാത്രമായി ഒരു പാക്കേജ് അനുവദിക്കുന്നതിൽ കേന്ദ്രം അനുയോജ്യമായ ഒരു തീരുമാനം എടുത്തിട്ടില്ല. കേന്ദ്രത്തിന്റെ പുതിയ (Right to Fair Compensation and Transperency in land Acquisition, Rehabilitation and Resettlement Act, 2013) പ്രകാരമുള്ള ആനുകൂല്യങ്ങൾ ദേശീയപാതാ വികസനത്തിലെ പദ്ധതി ബാധിതർക്കും ലഭിക്കുന്നതിനായി സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചു കൂട്ടി തീരുമാനം എടുക്കുമെന്നാണ് കേന്ദ്രമന്ത്രി കഴിഞ്ഞ ദേശീയപാതാ വികസന അവലോകന യോഗത്തിൽ അറിയിച്ചിരിക്കുന്നത്. |
| (ഡി) | ദേശീയപാത വികസനന (ഡി) വുമായി ബന്ധപ്പെട്ട് കോഴിക്കോട് – കണ്ണൂർ ദേശീയപാതയിൽ കൊയിലാണ്ടി – വടകര മണ്ഡലങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കു | ദേശീയപാതാ വികസനത്തിനായി 45 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിൽ കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ സ്ഥലവാസികളുടെ ശക്തമായ എതിർപ്പ് ഉണ്ട്. ആയതിനാൽ സർവ്വേ നടപടികൾ തൽക്കാലം നിർത്തി വെച്ചിരിക്കുകയാണ്. |

മോ ;

| | | | |
|---|---|---|---|
| (ഇ) | സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് തയ്യാറാക്കാൻ സർക്കാർ തലത്തിൽ മുഖ്യമന്ത്രിയും ബന്ധപ്പെട്ട കക്ഷികളുമായി നടന്ന ചർച്ചയിൽ തീരുമാനമുണ്ടായിരുന്നോ; വിശദമാക്കാമോ; പ്രസ്തുത തീരുമാനത്തിന്റെ മിനിട്ട്സിന്റെ പകർപ്പും പാക്കേജിന്റെ വിശദാംശവും വിശദമാക്കാമോ; | (ഇ) & (എഫ്) | സംസ്ഥാന സർക്കാർ അംഗീകരിച്ച R&R Package – ന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. |
| (എഫ്) | ഈ വിഷയത്തിൽ ഏറ്റവും ഒടുവിലത്തെ സ്ഥിതിയും നടപടി പുരോഗതിയും വിശദമാക്കാമോ; | | |
| (ജി) | കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥലം നഷ്ടപ്പെടുന്ന എത്ര കുടുംബങ്ങളും എത്ര സ്ഥാപനങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതിനു സർക്കാർ കണക്കാക്കുന്ന മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ? | (ജി) | എൻ.എച്ച് 17 ന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി വടകര-കൊയിലാണ്ടി-കോഴിക്കോട് എന്നീ താലൂക്കുകളിൽ ഏറ്റെടുക്കുന്ന കെട്ടിടങ്ങളുടെ വിവരം<br><br>താമസകെട്ടിടം -825<br>വാണിജ്യസ്ഥാപനങ്ങൾ-941<br>മതസ്ഥാപനങ്ങൾ - 41<br>----------<br>ആകെ - 1807<br><br>ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ മൂല്യ നിർണ്ണയം നടത്തുവാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**